I ഇ.ബി. XV - കേരള നിയമസഭ/IV-4

## **പതിനഞ്ചാം കേരള നിയമസഭ**

നാലാം സമ്മേളനം

## **നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഫെബ്രുവരി 23, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I. **ഉത്തരത്തിലെ തിരുത്ത്**

നക്ഷത്രചിഹ്നമിടാത്ത 451-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 451-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ

വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും

മി. സ്പീക്കർ: സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും വർദ്ധിച്ചതുമൂലം ക്രമസമാധാനനില പൂർണ്ണമായി തകരുകയും ജനങ്ങളിൽ അരക്ഷിതാവസ്ഥയും ആശങ്കയും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് കൊലപാതക-അക്രമസംഭവങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന കൊലപാതകങ്ങൾക്കും അക്രമസംഭവങ്ങൾക്കുമെതിരെ പോലീസ് കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ സിറ്റി ന്യൂമാഹി പോലീസ് സ്റ്റേഷൻ

പരിധിയിൽപ്പെട്ട സി.പി.ഐ.(എം) പ്രവർത്തകനായ ഹരിദാസിനെ ബി.ജെ.പി. പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് 4 പേരെയും 13-02-2022-ൽ എടക്കാട് തോട്ടടയിലുള്ള ഷമിലിന്റെ വിവാഹചടങ്ങിൽ പങ്കെടുത്ത എച്ചൂർ നിവാസികളായ ഒരു കൂട്ടം ചെറുപ്പക്കാരും പ്രദേശവാസികളും തമ്മിലുണ്ടായ ബോംബേറിൽ ജിഷ്ണു കൊല്ലപ്പെട്ട സംഭവത്തിൽ 6 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കിഴക്കമ്പലത്ത് ട്വന്റി-ട്വന്റി പ്രവർത്തകനായ ദീപു മരണപ്പെട്ട സംഭവത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും പെരുമ്പാവൂർ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരികയുമാണ്. കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലെ വിമലഗിരി സ്വദേശിയായ ഷാൻ ബാബുവിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ കേസ്സിലും പോത്തൻകോട് സുധീഷ് എന്ന ആളെ വെട്ടിക്കൊലപ്പെടുത്തിയ കേസ്സിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് പിങ്ക് പട്രോളിംഗ് സംവിധാനം ജില്ലകളിലാകെ വ്യാപിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ മേഖലകളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കാനായി 'നിർഭയ' വോളണ്ടിയർമാരെ നിയോഗിക്കുകയും പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ് ഡെസ്ക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഗുണ്ടാ ആക്രമണങ്ങളും

കൊലപാതകങ്ങളും ഉന്മൂലനം ചെയ്യാനായി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഓരോ ജില്ലയിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനം പ്രത്യേകം നിരീക്ഷിച്ചുവരുന്നുണ്ട്. ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിന് 'ഓപ്പറേഷൻ കാവൽ' പദ്ധതി ആരംഭിക്കുകയും കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി സൂക്ഷിച്ചുവരികയുമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സംസ്ഥാനത്തിന്റെ ക്രമസമാധാനനില തകർച്ചയിലാണ്. കിഴക്കമ്പലത്തും തലശ്ശേരിയിലും രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കാനിടയായത് പോലീസിന്റെ നിഷ്ക്രിയത്വംമൂലമാണ്. ഉത്സവവുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ ഭീഷണിയുണ്ടെന്ന് ഹരിദാസും സി.പി.ഐ. (എം)-ൽ നിന്നും ഭീഷണിയുണ്ടെന്ന് ട്വന്റി ട്വന്റി പ്രവർത്തകനായ ദീപുവും പോലീസിൽ പരാതി നൽകിയെങ്കിലും യാതൊരു നടപടിയുമുണ്ടായില്ല. വടക്കേ മലബാറിൽ ബോംബ് നിർമ്മാണം കുടിൽ വ്യവസായമായി മാറിയിരിക്കുകയാണ്. പോലീസ് ജാഗ്രതയോടെ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഒഴിവാക്കാനും രക്ഷപ്പെടുത്താനും

കഴിയുമായിരുന്ന ആക്രമണങ്ങളും കൊലപാതകങ്ങളുമാണ് സംസ്ഥാനത്തുണ്ടായത്. ഈ സർക്കാരിന്റെ കാലത്ത് ഗുണ്ടകൾ അഴിഞ്ഞാടുകയും ആളുകളെ കൊന്നൊടുക്കുകയുമാണ്. തലസ്ഥാനത്ത് രണ്ടുമാസത്തിനിടയിൽ ഇരുപത്തിയഞ്ചിൽപ്പരം ഗുണ്ടാ ആക്രമണങ്ങളാണ് നടന്നത്. ഗുണ്ടാ സംഘങ്ങൾക്കെതിരെ വിവരം നൽകിയ വനിതാ പോലീസുദ്യോഗസ്ഥയെ വീട്ടിൽക്കയറി ആക്രമിക്കുന്ന സ്ഥിതിയുണ്ടായി. സംസ്ഥാനത്ത് ഗുണ്ടകൾ സ്വൈര്യവിഹാരം നടത്തുന്ന സ്ഥിതിയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ മൂന്നെണ്ണത്തിൽ ആർ.എസ്.എസ്-ബി.ജെ.പി. പ്രവർത്തകരും രണ്ടെണ്ണത്തിൽ എസ്.ഡി.പി.ഐ. പ്രവർത്തകരും ഒരെണ്ണത്തിൽ കോൺഗ്രസ്സുകാരുമാണ് പ്രതികളായത്. വർഗ്ഗീയ ശക്തികൾ നടത്തുന്ന കലാപങ്ങളെ തുറന്നുകാണിച്ച് സമൂഹത്തെ ജാഗ്രതപ്പെടുത്തേണ്ടതിനുപകരം സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. 25-01-2021 മുതൽ 21-02-2022 വരെ നടന്ന ആറ് രാഷ്ട്രീയ കൊലപാതകങ്ങളിൽ മൂന്ന് സി.പി.ഐ.(എം) പ്രവർത്തകരാണ്

കൊല്ലപ്പെട്ടത്. രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും അത്തരം കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം ബി.ജെ.പി.യുടെ നേതൃത്വത്തിൽ ന്യൂനപക്ഷ കേന്ദ്രങ്ങളിൽ പ്രകടനവും അക്രമവും നടത്താനുള്ള ശ്രമം പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം കണ്ടെത്തിയതിലൂടെ തടയാൻ കഴിഞ്ഞിട്ടുണ്ട്. ഹർത്താലിനുള്ള വാട്സാപ്പ് ആഹ്വാനത്തെ പരാജയപ്പെടുത്തിയതും കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്നതും പോലീസിന്റെ ഇടപെടലിലൂടെയാണ്. ക്രമസമാധാനപ്രശ്നങ്ങൾ നിയന്ത്രിക്കാൻ പോലീസ് ശക്തമായ ഇടപെടൽ നടത്തുന്നുണ്ട്. ദുരന്തഘട്ടങ്ങളിൽ പോലീസ് നടത്തിയ സേവന പ്രവർത്തനങ്ങൾ വിസ്മരിക്കാൻ കഴിയുന്നവയല്ല. അക്രമികളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് സംരക്ഷണം നൽകുകയും അക്രമങ്ങൾക്ക് ആഹ്വാനം നൽകുകയും ചെയ്യുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുവരുന്നത്. 2021 ഡിസംബർ 18 മുതൽ 2022 ഫെബ്രുവരി 15 വരെ 'ഓപ്പറേഷൻ കാവൽ' പദ്ധതി പ്രകാരം 904 ഗുണ്ടകൾക്കെതിരെ കേസെടുക്കുകയും 63 പേർക്കെതിരെ കാപ്പ നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയെ നിർവീര്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്ന ശക്തികളുടെ വക്താക്കളായി

പ്രതിപക്ഷം മാറരുത്. പ്രത്യേക സൈബർ കുറ്റാന്വേഷണ വിഭാഗവും ഇക്കണോമിക് ക്രൈം വിംഗും പോലീസിൽ ഉടൻ ആരംഭിക്കുന്നതാണ്. പോലീസിനെ ആധുനികവത്കരിച്ച് ജനസൗഹാർദ്ദപരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) വന്യമൃഗ ആക്രമണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: വന്യമൃഗ ആക്രമണം കാരണം കൃഷി ചെയ്ത് ജീവിക്കാൻ സാധിക്കാതെ മലയോര കർഷകർ കൂട്ടമായി കൃഷിസ്ഥലം ഉപേക്ഷിച്ച് പോകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

പന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനുള്ള നടപടി ആരംഭിച്ചത് സ്വാഗതാർഹമാണെങ്കിലും വെടിവച്ച് കൊല്ലാനുള്ള ലൈസൻസ് അനുവദിക്കാത്തത് പ്രതിസന്ധി കൂട്ടുകയാണ്. കാടിന്റെ ക്യാരീയിംഗ് കപ്പാസിറ്റിയെക്കുറിച്ച് വനംവകുപ്പ് പഠിക്കുകയും നിശ്ചിത അളവിൽ കൂടുതലുള്ള മൃഗങ്ങളെ culling-ന് അനുവദിക്കുകയും ചെയ്യണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം കൊടുത്തുകൊണ്ട് ഇലക്ട്രിക് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ആനക്കിട്ട്, കിടങ്ങുകൾ എന്നിവ നിർമ്മിക്കാനും കൃഷിക്കാർക്ക് ന്യായമായ നഷ്ടപരിഹാരം നൽകാനും വന്യമൃഗ സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താനും നടപടി സ്വീകരിക്കണം.

(പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വശ്രീ ലിന്റോ ജോസഫ്, പ്രമോദ് നാരായൺ, സനീഷ്കുമാർ ജോസഫ്, റോജി എം. ജോൺ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. പ്രമോദ് നാരായൺ: വന്യമൃഗശല്യം രൂക്ഷമായ റാന്നി നിയോജക മണ്ഡലത്തിലെ മലയോര മേഖലകളിലെ ജനങ്ങൾ വലിയ ഭീതിയിലാണ്. കാട്ടുപന്നി ആക്രമണത്തിന്റെ പട്ടിക കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് തയ്യാറാക്കി നൽകിയപ്പോൾ ഏറ്റവും രൂക്ഷമായ കാട്ടുപന്നി

ആക്രമണമുള്ള റാന്നിയിലെ വനമേഖലകൾ ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. 1972-ലെ വനം വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്ത് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: വന്യമൃഗ ആക്രമണം കാരണം ജനങ്ങൾക്ക് ജീവിക്കാനും കൃഷി ചെയ്യാനും കഴിയാത്ത സാഹചര്യമാണ് ചാലക്കുടിയിൽ നിലനിൽക്കുന്നത്. ഇതിന് ശാശ്വതപരിഹാരം കാണുന്നതിനും കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും ചാലക്കുടിയിൽ ആർ.ആർ.ടി.യുടെ ഒരു ടീം രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. റോജി എം. ജോൺ: വനമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലുമുള്ള ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നമാണ് വന്യജീവി ആക്രമണം. വന്യമൃഗങ്ങൾ വനമേഖലയിൽനിന്ന് ജനവാസമേഖലയിലേയ്ക്ക് കടക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. പ്ലാന്റേഷൻ മേഖലകളിൽ വന്യമൃഗങ്ങൾ ആക്രമണം നടത്തുകയും വ്യാപക നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. കൃഷിക്കാർക്ക് കൃത്യസമയത്ത് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ലിന്റോ ജോസഫ്: തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കാട്ടുപന്നി ശല്യം രൂക്ഷമായ വില്ലേജുകളെ ഹോട്ട് സ്പോട്ടിൽ ഉൾപ്പെടുത്തുന്നതിനും വന്യജീവികളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സംസ്ഥാനത്ത് വന്യമൃഗ ശല്യത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശാസ്ത്രീയവൽക്കരിച്ചുകൊണ്ട് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിന് Early Warning System നടപ്പിലാക്കിയിട്ടുണ്ട്. പ്രശ്നക്കാരായ ആനകളുടെ സഞ്ചാരപഥം നിരീക്ഷിച്ച് മുന്നറിയിപ്പ് നൽകുന്ന സംവിധാനവും ആരംഭിച്ചിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തിൽ 680 കിലോമീറ്റർ സൗരോർജ്ജ വേലികളും 132 കിലോമീറ്റർ കിടങ്ങുകളും 635 കിലോമീറ്റർ ഹാംഗിംഗ് സോളാർ ഫെൻസിംഗും നിർമ്മിക്കുകയെന്നതാണ് ലക്ഷ്യം. സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടന്നുവരികയാണ്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോൾ 8

സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) പ്രവർത്തിക്കുന്നുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ ഇല്ലാത്ത ജില്ലകൾക്ക് മുൻഗണന നൽകി ആർ.ആർ.ടി., ഫോറസ്റ്റ് സ്റ്റേഷൻ എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ പുനരധിവസിപ്പിക്കുന്നതിനും കൂടുതൽ കൂടുകൾ വാങ്ങുന്നതിനും വനത്തിനുള്ളിൽ ഭക്ഷണം, വെള്ളം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടപരിഹാരം നൽകുന്നതുൾപ്പെടെ കേന്ദ്ര സർക്കാർ അനുവദിച്ച 22 കോടി രൂപയിൽ 18 കോടി രൂപ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ലിസ്റ്റിൽ കാട്ടുപന്നിയെ അഞ്ചാം ഷെഡ്യൂളിലേയ്ക്ക് മാറ്റുന്നതിനുള്ള നിയമപരമായ നടപടി സ്വീകരിച്ചുവരുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെടുന്നവർക്ക്/പരിക്കേൽക്കുന്നവർക്ക് നഷ്ടപരിഹാരമായി 8 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക തുക ധനകാര്യ വകുപ്പ് അനുവദിച്ച് നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള സാഹചര്യത്തിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(2) <u>മാനസികാരോഗ്യ മേഖലയിൽ കാലോചിതമായ പരിഷ്കരണം</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ

കേന്ദ്രത്തിലെ ഒരു രോഗി മറ്റൊരു രോഗിയുടെ ആക്രമണത്തിൽ മരണപ്പെടുകയും രോഗികൾ ചാടിപ്പോകുകയും ചെയ്ത സാഹചര്യത്തിൽ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി ആരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനും കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് പരിശീലനം നൽകുന്നതിനും രോഗമുക്തരെ പുനരധിവസിപ്പിക്കുന്നതിനും ആയുർവേദ മേഖലയിൽ മാനസികരോഗത്തിന് ചികിത്സ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു രോഗി മരണപ്പെടുകയും രോഗികൾ അവിടെനിന്ന് രക്ഷപ്പെട്ട് പുറത്തുപോകുകയും ചെയ്ത സാഹചര്യത്തിൽ വാർഡുകളിൽ കൂടുതൽ സി.സി.ടി.വി. കളും ആശുപത്രി കോമ്പൗണ്ടിനുള്ളിൽ കൂടുതൽ ഇലക്ട്രിക് ബൾബുകളും സ്ഥാപിച്ച് നിരീക്ഷണം ശക്തിപ്പെടുത്താനും ജീവനക്കാർക്ക് ബോധവൽക്കരണ പരിപാടികളും പരിശീലനവും നൽകാനും തീരുമാനിച്ചിട്ടുണ്ട്. 474 കിടക്കകളും 314 ജീവനക്കാരുമുള്ള ഈ മാനസികാരോഗ്യ കേന്ദ്രത്തിൽ വനിതകളുൾപ്പെടെ 4 സെക്യൂരിറ്റി

ജീവനക്കാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്തുന്നതാണ്. മാനസികാരോഗ്യ മേഖലയിൽ കാലോചിതമായ പരിഷ്കരണം അനിവാര്യമായതിനാൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഈ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതാണ്. മാനസികാരോഗ്യ സാക്ഷരത ഉറപ്പാക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫീൽഡ്തല ആശുപത്രികളിൽ രോഗസ്വഭാവമനുസരിച്ച് മാനസികാരോഗ്യ ചികിത്സ ഉറപ്പാക്കുന്നതാണ്. രോഗമുക്തരുടെ പുനരധിവാസം സാധ്യമാക്കുന്നതിന് പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. കോഴിക്കോട്, തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രങ്ങളിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പൊതുസ്ഥിതി പരിശോധിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV സബ്മിഷൻ

### (1) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): അട്ടപ്പാടി ആദിവാസി മേഖലയിലെ ശിശുമരണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അട്ടപ്പാടി ആദിവാസി മേഖലയിൽ 2021-ൽ നടന്ന 9 ശിശുമരണങ്ങൾ വിവിധ രോഗങ്ങളാലും മിൽക് ആസ്പിരേഷൻ മൂലവുമാണെന്ന മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടി സന്ദർശിച്ച് വിവിധ ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടി നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയും ശിശുമരണ നിരക്ക് കുറയ്ക്കാനും ഗർഭിണികളുടെ ആരോഗ്യപ്രശ്നങ്ങളും ആദിവാസികളുടെ പൊതുപ്രശ്നങ്ങളും പരിഹരിക്കാനുമാവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തു. വിവിധ വകുപ്പുകളിലെ ജില്ലാ ഓഫീസർമാരുടെ യോഗം വിളിച്ച് ജില്ലാതലത്തിലെ പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈ റിസ്ക് കാറ്റഗറിയിൽപ്പെട്ടതും സിക്കിൾസെൽ അനീമിയ ബാധിതരുമായ ഗർഭിണികൾക്ക് പ്രത്യേക പരിശോധനാ

സംവിധാനം ഏർപ്പെടുത്തിയതോടൊപ്പം സിക്കിൾസെൽ അനീമിയ ബാധിതർ ഗർഭം ധരിക്കാതിരിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. വിവിധ വകുപ്പുമന്ത്രിമാരുടെ യോഗം ചേർന്ന് വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ട്. ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായവും കോട്ടത്തറ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കുള്ള തുകയും നൽകിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ ആയുർവ്വേദം ഉൾപ്പെടെയുള്ള ചികിത്സാ രീതികൾ അവലംബിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദിവാസികൾക്കിടയിൽ പോഷകാഹാരക്കുറവുണ്ടാകുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. അട്ടപ്പാടിയിൽ വ്യാജമദ്യ ഉപയോഗം തടയുന്നതിന് എക്സൈസ്, പോലീസ്, വനം വകുപ്പുകളുടെ സംയുക്തസംരംഭം ആരംഭിക്കുന്നതാണ്. പുതിയ പ്രൊമോട്ടർമാരെ നിയമിച്ച് പരിശീലനം നൽകുന്നതിനും വിവിധ മേഖലകളിൽ ഉന്നതവിദ്യാഭ്യാസം നേടിയ ആദിവാസി കുട്ടികളുടെ സേവനം ഉപയോഗപ്പെടുത്തി ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആദിവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് അവരെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഇടപെടലുകളാണ്

നടത്തുന്നത്.

(2) <u>വേങ്ങരയിൽ ഫയർ സ്റ്റേഷൻ</u>

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: വേങ്ങര നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): വേങ്ങര ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി പരപ്പനങ്ങാടി കൊടപ്പുറത്ത് കണ്ടെത്തിയ ഭൂമി നാഷണൽ ഹൈവേ 66-നോട് ചേർന്നുകിടക്കുന്നതായതിനാൽ റോഡുവികസനത്തിന് വേണ്ടിവരുന്ന സ്ഥലം മാറ്റിവച്ച് സ്ഥലലഭ്യത പരിശോധിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) <u>പൊന്നാനിയിലെ ഭൂനികുതി പ്രശ്നം</u>

<u>ശ്രീ. പി. നന്ദകുമാർ</u>: പൊന്നാനി തീരദേശ മേഖലയിലെ ഭൂനികുതി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പൊന്നാനിയിലെ വെളിയംകോട്, പെരുമ്പടപ്പ് വില്ലേജുകളിലെ തീരദേശ പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവരിൽനിന്ന് ഭൂനികുതി സ്വീകരിക്കാത്ത

വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്. ടി സ്ഥലത്തെ താമസക്കാർക്ക് പട്ടയം അനുവദിച്ചുനൽകിയെങ്കിലും ഭൂമി സർവ്വേ രേഖകളിലുൾപ്പെടുത്തുകയോ വിജ്ഞാപനം ചെയ്യപ്പെടുകയോ ചെയ്യാത്തതുകാരണം പോക്കുവരവ് ചെയ്ത് കരമടയ്ക്കാൻ സാധിക്കില്ല. സംസ്ഥാന സർവ്വേ അതിർത്തിക്ക് പുറത്തുള്ള സ്ഥലമായതിനാൽ സെൻട്രൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതിയോടുകൂടി മാത്രമേ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. കേരളത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ റീസർവ്വേ നടപടികൾ ആരംഭിക്കുന്ന സാഹചര്യത്തിൽ അൺ-സർവേയ്ഡ് ലാൻഡുകൾക്ക് പ്രത്യേക പരിഗണന നൽകി സർവ്വേ നടത്തുമെന്നും ഈ സഭയുടെ കാലയളവിൽത്തന്നെ സർവ്വേ നടപടികൾ പൂർത്തീകരിക്കുമെന്നും ഉറപ്പുനൽകുന്നു.

## (4) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ കടൽഭിത്തി നിർമ്മാണം

ശ്രീ. രമേശ് ചെന്നിത്തല: ഹരിപ്പാട് മണ്ഡലത്തിലെ സുനാമി ബാധിത തീരപ്രദേശങ്ങളായ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് കടൽഭിത്തിയും ടെട്രോപാഡുകളുപയോഗിച്ച് പുലിമുട്ടുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തീരദേശ സംരക്ഷണത്തിന് സ്ഥിരമായ കടൽഭിത്തികൾ നിർമ്മിക്കുന്ന പദ്ധതിക്ക് മാർച്ച് ആദ്യവാരം ചെല്ലാനത്ത് പ്രാരംഭം കുറിക്കുന്നതാണ്. കെ.ഐ.ഐ.ഡി.സി. മുഖാന്തരം കിഫ്ബി ധനസഹായത്തോടുകൂടി ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നിവിടങ്ങളിലെ പുലിമുട്ടുനിർമ്മാണം പുരോഗമിച്ചുവരികയാണ്. ആലപ്പുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ വിവിധ മേഖലകളിലെ കടൽത്തീരം സംരക്ഷിക്കുന്നതിനായി കടൽഭിത്തി/പുലിമുട്ട് നിർമ്മാണത്തിന് ടെന്റേറ്റീവ് ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം സർക്കാരിന്റെ പരിഗണനയിലാണ്.

## (5) പുലക്കടവ് തടയണ നിർമ്മാണം

ശ്രീ. എം. എസ്. അരുൺ കുമാർ: മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുലക്കടവ് തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): അച്ചൻകോവിലാറിലെ ജലനിരപ്പ് ക്രമീകരിച്ച് നിർത്തുന്നതിനുള്ള ചെക്ക്ഡാം നിർമ്മാണത്തിന് ശാസ്ത്രീയപഠനം ആവശ്യമായതിനാൽ

ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് പഠനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പുലക്കടവ് പാലത്തിന് താഴ്ഭാഗത്ത് ഇടതുകരയിൽ നീരൊഴുക്ക് തടയുംവിധം എക്കലും ചെളിയും മണ്ണും അടിഞ്ഞുകിടക്കുന്നത് നീക്കുന്ന പ്രവർത്തനങ്ങൾക്ക് ചില തടസ്സങ്ങളുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ഫ്ലഡ് മാനേജ്മെന്റിനെ ദോഷകരമായി ബാധിക്കാത്ത വിധത്തിലുള്ള സമീപനം ആവശ്യമാണ്.

(6) കാത്തലിക് സിറിയൻ ബാങ്കിന്റെ പ്രവർത്തനം

ശ്രീ. പി. എസ്. സുപാൽ: കാത്തലിക് സിറിയൻ ബാങ്കിന്റെ തൊഴിലാളിവിരുദ്ധ നടപടികൾ അവസാനിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തണം.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കാത്തലിക് സിറിയൻ ബാങ്കിലെ തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ബാങ്ക് മാനേജിംഗ് ഡയറക്ടറുമായി ചർച്ച നടത്തിയതിന്റെയടിസ്ഥാനത്തിൽ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും അവരെ ദ്രോഹിക്കുന്ന നിലപാടാണ് ബാങ്ക് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ

ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ലെങ്കിൽപ്പോലും കഴിയുന്ന രീതിയിൽ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(7) ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയുടെ പ്രവർത്തനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വേളിയിൽ സ്ഥിതി ചെയ്യുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകുന്നതിനും തൊഴിൽ സംരക്ഷിക്കുകയും തൊഴിൽ നഷ്ടമായ ദിനങ്ങളിൽ ലേഓഫ് വേതനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് യൂണിയൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കമ്പനി പ്രതിനിധികളുമായി സംസാരിക്കുകയും നിലവിൽ ക്ലേ ലഭിക്കാത്തതും ഉൽപ്പന്നത്തിന് മാർക്കറ്റ് ഇടിഞ്ഞതും കാരണമാണ് പ്രവർത്തനമില്ലാത്തതെന്നും മാർക്കറ്റിൽ ഉൽപ്പന്നത്തിന് ഡിമാന്റ് വരുന്ന മുറയ്ക്ക് സ്ഥാപനം പ്രവർത്തനമാരംഭിക്കുന്നതാണെന്നും ഡയറക്ടർ ബോർഡ്

തീരുമാനമെടുത്തതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും ആവശ്യമായ അസംസ്കൃത വസ്തു ഉറപ്പുവരുത്തുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലേഓഫ് വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നത് സംബന്ധിച്ച നിയമനടപടികൾ തൊഴിൽ നൈപുണ്യ വകുപ്പിൽനിന്നും സ്വീകരിച്ചുവരുന്നുണ്ട്. തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മാനേജ്മെന്റുമായി ചർച്ച നടത്തി തുടർനടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

(8) <u>അഴീക്കൽ ഗ്രീൻഫീൽഡ് തുറമുഖ പദ്ധതി</u>

<u>ശ്രീ. കെ. വി. സുമേഷ്:</u> അഴീക്കൽ ഗ്രീൻഫീൽഡ് തുറമുഖം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഗ്രീൻഫീൽഡ് തുറമുഖ നിർമ്മാണത്തിനുവേണ്ടി മുഖ്യമന്ത്രി ചെയർമാനായി മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നതും ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള തുടർനപടി സ്വീകരിച്ചുവരുന്നതുമാണ്. തുറമുഖ

വികസനത്തിനാവശ്യമായ ഭൂമി സർവ്വേ ചെയ്ത് അതിരടയാളങ്ങൾ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മണ്ണിന്റെ ഘടന പരമ്പരാഗത രീതിയിലുള്ള പുലിമുട്ട് നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പഠനം നടത്തുന്നതിനായി നിയോഗിച്ച ചെന്നൈ ഐ.ഐ.ടി.-യുടെ സാങ്കേതിക ഉപദേശം ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

## (9) പന്നിയങ്കര ടോൾപിരിവ്

ശ്രീ. പി. പി. സുമോദ്: പന്നിയങ്കര ടോൾപ്ലാസയ്ക്ക് സമീപമുള്ള വടക്കഞ്ചേരി-കണ്ണമ്പ്ര പഞ്ചായത്തിലെ ജനങ്ങൾക്ക് സൗജന്യ പാസ് അനുവദിക്കുന്നതിനും ടോൾപ്ലാസയ്ക്ക് സമീപമുള്ള സർവ്വീസ് റോഡുകൾ, അഴുക്കുചാലുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചതിനുശേഷമേ ടോൾ പിരിക്കാൻ പാടുള്ളൂവെന്ന് എൻ.എച്ച്.എ.ഐ.യ്ക്ക് നിർദ്ദേശം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത 544-ന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. പൂർത്തിയാക്കിയ റോഡിന് മാത്രമേ ടോൾ പിരിവ് നടത്തുകയുള്ളൂവെന്ന നയം ദേശീയപാത അതോറിറ്റിക്കുള്ളതിനാൽ പ്രസ്തുത

വിഷയം ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്.

(10) ഇരിക്കൂറിലെ സമഗ്ര ടൂറിസം വികസനം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പൈതൽമല, പാലക്കയംതട്ട്, കാഞ്ഞിരക്കൊല്ലി, തിരുനെറ്റിക്കല്ല്, കാപ്പിമല ഉൾപ്പെടെയുള്ള പ്രദേശങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിനും ടൂറിസം വികസനത്തിനാവശ്യമായ പ്രധാനപ്പെട്ട റോഡുകളുടെ നവീകരണം നടത്തുന്നതോടൊപ്പം പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും അഡ്വഞ്ചർ ടൂറിസം, കാരവാൻ ടൂറിസം എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും നിലവിലുള്ള ക്രൂയിസ് ടൂറിസം പദ്ധതി ശ്രീകണ്ഠാപുരം വരെ ദീർഘിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഇരിക്കൂർ മണ്ഡലത്തിലെ പൈതൽമല, പാലക്കയംതട്ട്, ഏഴരക്കുണ്ട്, കാഞ്ഞിരക്കൊല്ലി, മതിലേരിത്തട്ട് തുടങ്ങിയ കേന്ദ്രങ്ങളുടെ ടൂറിസം വികസന സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പൈതൽമല, കാഞ്ഞിരക്കൊല്ലി,

അളകാപുരി വെള്ളച്ചാട്ടം ഉൾപ്പെടുന്ന മേഖലകൾ വനംവകുപ്പിന്റെ അധീനതയിലായതിനാൽ പരിസ്ഥിതി സൗഹൃദ പദ്ധതികൾ വനം വകുപ്പ് തയ്യാറാക്കിവരുന്നുണ്ട്. പാലക്കയംതട്ട്, പൈതൽമല, കാഞ്ഞിരക്കൊല്ലി പ്രദേശങ്ങളിൽ ടൂറിസം വികസനത്തിനുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തെ എയർപോർട്ടുകൾ കേന്ദ്രീകരിച്ച് ടൂറിസ്റ്റ് ഡെസ്റ്റിനേഷനിലേയ്ക്കുള്ള സർക്യൂട്ടും അക്സസിബിലിറ്റിയും പരിശോധിക്കപ്പെടേണ്ടതാണ്.

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 3(1), ചട്ടം 47 (2) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)

<u>ശ്രീ. എ. സി. മൊയ്തീൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള സർക്കാർ കാഴ്ചപ്പാടുകളെ സ്വാഗതം ചെയ്യുന്നു. പ്രതിസന്ധികളെ ഇച്ഛാശക്തിയോടെ നേരിട്ട് നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കാൻ സർക്കാരിന് സധിച്ചുവെന്നത് അഭിമാനകരമാണ്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തുരങ്കംവയ്ക്കുന്ന തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ പ്രതിപക്ഷം നടത്തുന്നത് അപലപനീയമാണ്.

ക്രമസമാധാന രംഗത്ത് മെച്ചപ്പെട്ട സംസ്ഥാനമായി തുടരാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്ത് അഴിമതി അന്വേഷിക്കാൻ ഒരു ഏജൻസിക്കും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. സിൽവർ ലൈൻ പദ്ധതിക്ക് സർവ്വേ നടപടികൾക്കുള്ള അനുമതി മാത്രമാണ് കോടതിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. വിദേശഫണ്ടിനായി കേന്ദ്ര ധനകാര്യ വകുപ്പിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിയമനടപടി പൂർത്തീകരിച്ച് സിൽവർ ലൈൻ പ്രോജക്ടിന്റെ ഡെബ്റ്റ് ലയബിലിറ്റിക്ക് തത്വത്തിൽ അംഗീകാരം നൽകാമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളത്. സാമ്പത്തിക നില തകർന്നുകൊണ്ടിരിക്കുന്ന, പാരിസ്ഥിതിക പ്രശ്നം ഗുരുതരമായി നേരിടുന്ന സംസ്ഥാനത്ത് പതിനായിരക്കണക്കിന് ആളുകളെ കുടിയൊഴിപ്പിച്ചുകൊണ്ട് ടി പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം സർക്കാർ പുന:പരിശോധിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പാരിസ്ഥിതികാഘാത പഠനം നടപ്പാക്കിയശേഷം മാത്രമേ കെ-റെയിൽ

പദ്ധതിയുമായി മുന്നോട്ട് പോവുകയുള്ളൂവെന്ന സർക്കാർ നയം അഭിനന്ദനാർഹമാണ്. ജനകീയ ഹോട്ടൽ പ്രവർത്തനമാരംഭിച്ചതും ലൈഫ് പദ്ധതി മുഖേന വീട് നൽകാൻ സാധിച്ചതും 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയിലൂടെ ഭൂരഹിതർക്ക് ഭൂമി നൽകാൻ സാധിച്ചതും ശ്ലാഘനീയമാണ്.

ശ്രീ. നജീബ് കാന്തപുരം: നന്ദിപ്രമേയത്തെ എതിർക്കുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടില്ല. സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെ നടക്കുന്ന സൈബർ ആക്രമണങ്ങൾ തടയുന്നതിനാവശ്യമായ നിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും വികസന ക്ഷേമപ്രവർത്തനങ്ങൾ സാദ്ധ്യമാക്കാൻ സാധിച്ചതും നൂറുദിന കർമ്മ പദ്ധതി പ്രഖ്യാപിച്ചതും ശ്ലാഘനീയമാണ്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ ഡയറക്ടറേറ്റ് എന്നിവ ആരംഭിച്ചതും പൊതുമരാമത്ത് വകുപ്പിൽ കോൺസ്റ്റിറ്റ്യുവൻസി മെയിന്റനൻസ് ടീം രൂപീകരിച്ചതും ജൽജീവൻ മിഷനിലൂടെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്. പ്രളയത്തിൽ തകർന്ന

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റോഡുകളും പാലങ്ങളും റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനും വന്യമൃഗശല്യം തടയുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. അപ്രായോഗികവും അശാസ്ത്രീയവുമായ സിൽവർലൈൻ പദ്ധതി സംബന്ധിച്ച് തുറന്ന ചർച്ച നടത്തുന്നതിനും യു.ഡി.എഫ്. മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനും സർക്കാർ തയ്യാറാകണം. കർഷകരുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് ആശ്വാസ പദ്ധതി പ്രഖ്യാപിക്കണം.

ശ്രീ. പി. ടി. എ. റഹീം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയിട്ടുള്ള ഡിഫക്ട് ലയബലിറ്റി പിരീഡ്, കരാർ വ്യവസ്ഥകൾ, കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും വിശദവിവരങ്ങൾ തുടങ്ങിയവ എഴുതി പ്രദർശിപ്പിക്കുന്നതിനും ബി.എം.&ബി.സി. നിലവാരത്തിൽ റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള തീരുമാനങ്ങൾ സ്വാഗതാർഹമാണ്. ഗവൺമെന്റ് റസ്റ്റ് ഹൗസുകൾ നവീകരിക്കാനും സർക്കാർ കെട്ടിടങ്ങൾ ആകർഷകവും ആധുനിക കാലഘട്ടത്തിനനുയോജ്യവുമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് സ്കീം നടപ്പാക്കിയതിലൂടെ നിയമസഭാംഗങ്ങൾക്ക് വിഷയങ്ങൾ പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും സാധിക്കുന്നുണ്ട്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ വരുത്തിയ മാറ്റം സ്വാഗതാർഹമാണ്.

ശ്രീ. കെ. ജെ മാക്സി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യത്ത് ശിശുമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി ബ്രോഡ്ബാൻഡ് കണക്ഷൻ നല്കുന്നതിനുള്ള കെ-ഫോൺ പദ്ധതി പ്രാവർത്തികമാവുകയാണ്. സമഗ്ര വികസനത്തിന്റെ കാര്യത്തിൽ നീതി ആയോഗിന്റെ പട്ടികയിൽ നാലാം തവണയും കേരളം ഒന്നാം സ്ഥാനത്താണ്. പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റമുണ്ടാക്കാൻ സർക്കാരിന് സാധിച്ചു. കെ-റെയിൽ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ടൂറിസം മേഖലയും ചരക്ക് ഗതാഗത രംഗവും ശക്തിപ്പെടുന്നതാണ്. സംസ്ഥാനത്തെ ഏത് റേഷൻ കടയിൽനിന്നും സാധനങ്ങൾ വാങ്ങാനും കിടപ്പുരോഗികൾക്കും 80 വയസ് പ്രായമായവർക്കും റേഷൻ വീട്ടിലെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയതും

സ്വാഗതാർഹമാണ്.

ശ്രീമതി കെ. കെ. രമ: നന്ദിപ്രമേയത്തെ എതിർക്കുന്നു. അധോലോക മാഫിയകളുടെ സംരക്ഷകരായി ആഭ്യന്തര വകുപ്പ് മാറിയിരിക്കുകയാണ്. ലോകായുക്തയുടെ അധികാരങ്ങൾ തിരിച്ചെടുത്ത് അഴിമതിക്കാരെ സംരക്ഷിക്കുന്ന നടപടി ലജ്ജാകരമാണ്. സ്ത്രീകൾക്കുനേരെ നടക്കുന്ന സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ നാളിതുവരെ നടപടി സ്വീകരിക്കാത്തത് ഖേദകരമാണ്. ക്രിമിനലുകളെ സംരക്ഷിക്കുന്ന നിലപാടിൽനിന്നും സർക്കാർ പിന്തിരിയണം.

ശ്രീ. എൻ. കെ. അക്ബർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നിറവേറ്റാൻ സർക്കാർ നൂറുദിന കർമ്മ പരിപാടി ആവിഷ്കരിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതൽ ഡിജിറ്റൽ ഡിവൈസുകൾ ലഭ്യമാക്കിയ സംസ്ഥാനമാണ് കേരളം. സമസ്തമേഖലയിലും നടപ്പാക്കാനുദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങളാണ് നയപ്രഖ്യാപനത്തിലുള്ളത്.

ശ്രീ. പി. മമ്മിക്കുട്ടി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക-സാമൂഹിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ നയപ്രഖ്യാപനം. സമസ്ത മേഖലയിലും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ച് ജനപക്ഷ നിലപാട് സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ മുഖച്ഛായ മാറ്റുന്നതിനായി വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. കെ-റെയിൽ പദ്ധതി നടപ്പിലാക്കാൻ പ്രതിപക്ഷവും സഹകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ആവർത്തനവിരസവും പ്രാവർത്തികമാക്കാൻ കഴിയാത്തതുമായ പദ്ധതികളുടെ പുനർപ്രഖ്യാപനമാണ് നയപ്രഖ്യാപനത്തിലുള്ളത്. പുതിയ പ്രഖ്യാപനങ്ങളോ യുവജനങ്ങളെയും കർഷകരെയും സംരക്ഷിക്കാനുള്ള ആശ്വാസ പദ്ധതികളോ അതിലില്ല. ശബരി റെയിൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള സർക്കാരിന്റെ കാഴ്ചപ്പാടുകളെ സ്വാഗതം ചെയ്യുന്നു. നിരവധി മേഖലകളിൽ ഒന്നാം സ്ഥാനത്തെത്താനും പ്രതിസന്ധി ഘട്ടങ്ങളിൽ സാമ്പത്തികരംഗം സുസ്ഥിരമാക്കാനും കേരളത്തെ വ്യവസായ

നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും സാധിച്ചത് അഭിനന്ദനാർഹമാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും BHEL-EML-ഉം സർക്കാർ ഏറ്റെടുത്തത് ശ്ലാഘനീയമാണ്. കണ്ണൂർ ജില്ലയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ 478 കോടി രൂപ വകയിരുത്തിയതും ക്രമസമാധാന രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതും എടുത്തുപറയേണ്ടവയാണ്.

ശ്രീ. വി. ജോയി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കുന്നതാണ് നയപ്രഖ്യാപനം. ഡിജിറ്റൽ പഠനത്തിൽ കേരളം ഒന്നാമതെത്തിയതും അടിസ്ഥാനസൗകര്യ-ഭൗതിക വികസനം പൂർത്തിയാക്കിയ സ്കൂളുകൾ ഉദ്ഘാടനം ചെയ്തതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ പൊതുവിദ്യാഭ്യാസരംഗത്തെ രാജ്യം മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന നിലയിലേയ്ക്ക് മാറ്റാൻ ഗവൺമെന്റിന് സാധിച്ചു. സംസ്ഥാനത്ത് അതിദാരിദ്ര്യ സർവ്വേ പൂർത്തീകരിച്ചതും സഹകരണരംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ചതും സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള കേന്ദ്ര നീക്കങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങളും കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ്

ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നതും സ്വാഗതാർഹമാണ്.

ഡോ. സുജിത് വിജയൻപിള്ള: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ ഒന്നാം വാർഷികത്തിന് മുന്നോടിയായി നൂറ് ദിന കർമ്മപരിപാടി പ്രഖ്യാപിച്ചതും നീതി ആയോഗിന്റെ സുസ്ഥിര വികസന റാങ്കിംഗിൽ തുടർച്ചയായി ഒന്നാംസ്ഥാനം നിലനിർത്താൻ സാധിച്ചതും അഭിമാനകരമായ നേട്ടങ്ങളാണ്. അഞ്ച് വർഷത്തിനുള്ളിൽ 5 ലക്ഷം വീടുകൾ എന്നുള്ള പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനും ഭൂരഹിതർക്കായി ഭൂമി കണ്ടെത്തുന്നതിനും പൂർണ്ണമായി ഇ-ഗവേണൻസ് സംസ്ഥാനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും സ്വാഗതാർഹമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കിയതിലൂടെ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. ഇ-ഓട്ടോകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചതും സ്കൂളുകളെ ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഫോക്കസ് പ്രോജക്ടുകൾ ആരംഭിക്കുന്നതും ഉന്നതവിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള പ്രവർത്തനങ്ങളും മാലിന്യസംസ്കരണ പദ്ധതി വിപുലപ്പെടുത്താനുള്ള പദ്ധതികളും ഒരു പഞ്ചായത്തിൽ ഒരു

കളിസ്ഥലം പദ്ധതിയും അഭിനന്ദനാർഹമാണ്. പുനർഗേഹം പദ്ധതി നടപ്പാക്കിയതും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ സബ്സിഡി നിരക്കിൽ ഡീസൽ വിതരണം ചെയ്യുന്നതും സ്വാഗതാർഹമാണ്. തെറ്റായ സാമ്പത്തിക നയങ്ങൾമൂലം കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്നതും റവന്യൂകമ്മി നികത്താനുള്ള ഗ്രാന്റ് കുറയ്ക്കുന്നതും പ്രതിഷേധാർഹമാണ്. ഗെയിൽ പൈപ്പ്ലൈൻ, കെ-ഫോൺ, നാഷണൽ-മലയോര-തീരദേശ ഹൈവേകളുടെ വികസനം, മെട്രോ റെയിൽ തുടങ്ങിയവ അഭിമാനകരമായ പദ്ധതികളാണ്.

ശ്രീ. പി. കെ. ബഷീർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പല വകുപ്പുകളിലും പദ്ധതി നിർവ്വഹണച്ചെലവ് 30 ശതമാനത്തിൽ താഴെയാണെന്നത് ഖേദകരമാണ്. കസ്റ്റഡി മരണങ്ങളും ബന്ധുനിയമനങ്ങളും വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട നടപടിയും പ്രതിഷേധാർഹമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല.

ശ്രീ. പി. ബാലചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്ക് ഊർജ്ജദായകമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന നയപ്രഖ്യാപന

പ്രസംഗത്തെ സ്വാഗതം ചെയ്യുന്നു. കെ-റെയിൽ, ഗെയിൽ, കെ-ഫോൺ തുടങ്ങിയ പദ്ധതികളിലൂടെ സർക്കാർ ലക്ഷ്യമിടുന്ന സമഗ്രവികസനം അട്ടിമറിക്കാനുള്ള പ്രതിപക്ഷ നിലപാട് ഖേദകരമാണ്. കോവിഡ് വകഭേദങ്ങളെ ഫലപ്രദമായി പ്രതിരോധിച്ച കേരളം ആരോഗ്യ പരിപാലനരംഗത്ത് മറ്റ് രാജ്യങ്ങൾക്ക് മാതൃകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതിവിരുദ്ധ സംവിധാനങ്ങളെ തകർക്കുന്ന ഓർഡിനൻസുകളും അഴിമതി അന്വേഷിക്കേണ്ട വകുപ്പുകളുടെമേലുള്ള കടന്നുകയറ്റവുമാണ് ലോകായുക്ത ഭേദഗതിയിലൂടെ വെളിവായിരിക്കുന്നത്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സാധനങ്ങൾ വാങ്ങിയതിൽ കോടികളുടെ അഴിമതി നടന്നിട്ടുണ്ടെന്ന ആരോപണവും വൈദ്യുതി ബോർഡ് ചെയർമാൻ നടത്തിയ വെളിപ്പെടുത്തലിനെക്കുറിച്ചും കിഫ്ബിവഴി നടപ്പിലാക്കിയ ട്രാൻസ്ഗ്രിഡ് പദ്ധതിയെക്കുറിച്ചും അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം. ഡാം സുരക്ഷയെ സംബന്ധിച്ച് ആവശ്യമായ പഠനമോ പരസ്യമോ നടത്താതെ ഹൈഡൽ ടൂറിസം സെന്റർ സ്ഥാപിക്കുന്നതിന് മൂന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും മൂന്ന് ചാരിറ്റബിൾ സൊസൈറ്റികൾക്കും

നിയമവിരുദ്ധമായി സ്ഥലം അനുവദിച്ചുകൊടുക്കൽ; വൈദ്യുതി ബോർഡിൽ ഇല്ലാത്ത തസ്തികകളിൽ ഫുൾബോർഡോ മാനേജിംഗ് ഡയറക്ടറോ അറിയാതെ പ്രതിവർഷം 12 കോടി രൂപ ആവർത്തന ചെലവിൽ 90 ഉദ്യോഗസ്ഥരെ വാട്സ്ആപ്പ് സന്ദേശത്തിലൂടെ നിയമിക്കൽ; സർക്കാരും കമ്പനിയുമായിട്ടുള്ള റീവെസ്റ്റിംഗ് കരാറിൽ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയെ സംബന്ധിച്ചുള്ള പരിഷ്കാരം സർക്കാരിന്റെ അനുമതിയോടെ ആയിരിക്കണമെന്ന ഉത്തരവിറക്കിയിട്ടും അതിന് വിരുദ്ധമായ തീരുമാനമെടുക്കൽ തുടങ്ങി നിരവധി അഴിമതിയാരോപണങ്ങളാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരെ വന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആരോഗ്യം, അടിസ്ഥാനസൗകര്യ വികസനം, ദേശീയപാതാ വികസനം, മലയോര ഹൈവേ വികസനം, പൊതുവിദ്യാഭ്യാസം തുടങ്ങി സമസ്ത മേഖലകളിലും സമാനതകളില്ലാത്ത വളർച്ച ലക്ഷ്യമാക്കിയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്രപൂളിൽനിന്നുള്ള നികുതി വരുമാന വിഹിതവും ഗ്രാന്റുകളും വെട്ടിക്കുറച്ചും ജി.എസ്.ടി. നഷ്ടപരിഹാരത്തുക നൽകാതെയും

സംസ്ഥാന സർക്കാരിനെ വികസന തകർച്ചയിലേയ്ക്ക് നയിക്കാൻ ശ്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള പ്രതിരോധമാണ് ഗവർണറുടെ നയപ്രഖ്യാപനം. സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കെ-റെയിലും മറ്റ് ജനക്ഷേമപ്രവർത്തനങ്ങളും അട്ടിമറിക്കാനുള്ള പ്രതിപക്ഷ നിലപാട് ഖേദകരമാണ്. പ്രകൃതി ദുരന്തങ്ങളും മഹാമാരിയും പോലുള്ള വെല്ലുവിളികൾക്കിടയിലും ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുകയും അഭിമാനകരമായ അംഗീകാരങ്ങൾ നേടിയെടുക്കുകയും ചെയ്ത സർക്കാരാണിത്. നൂറുദിന കർമ്മ പരിപാടിയിലൂടെ 60,000 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ പ്രഖ്യാപിച്ചതും ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്.

(സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.)